(എഫ്) എങ്കിൽ ഏതൊക്കെ തരത്തിലുള്ള കെട്ടിടങ്ങളാണെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ;

(ജി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മതിപ്പ് ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി)&(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് 13.7.99-ൽ നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെ കണക്ക് ചുവടെ ചേർക്കുന്നു.

വിഭാഗം	അംഗീകരിച്ച ആൾ ബലം	നിലവിലുള്ള ആൾ ബലം
എക്സി:എഞ്ചിനീയർ	1	1
അസി:എക്സി: എഞ്ചിനീയർ	2	2
അസി: എഞ്ചിനീയർ	3	2
സബ് എഞ്ചിനീയർ	5	2
സീനിയർ അസിസ്റ്റന്റ്	2	(താൽക്കാലികം 2 (1) റഗുലർ (1) വർക്കിംഗ് അറേഞ്ച്മെന്റ്
ഡ്രൈവർ	3	2(താൽക്കാലികം)
ഫോർമാൻ	1	-

(ഇ)-(ജി) ഈ പദ്ധതിക്കാവശ്യമായ കെട്ടിടങ്ങൾ തൽക്കാലം നിർമ്മിക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

112 (3295) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുവാൻ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) സബ്സ്റ്റേഷന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കും; ഇത് എപ്പോൾ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി (10 മെ. വാട്ട്/34 മി.യൂണിറ്റ്) യുടെ എല്ലാവിധ സർവ്വേ ജോലികളും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ചൈനയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച 18 പദ്ധതികളിൽ പെരുന്തേനരുവിയും ഉൾപ്പെടുന്നു. മാടത്തരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (1.25 മെ.വാട്ട്/3.878 മി.യൂണിറ്റ്) ഡീറ്റയിൽഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി നടപടികൾ എടുത്തു വരുന്നു.

പെരുനാട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല.

(ബി) സ്ഥലം ഏറ്റെടുത്ത നടപടിയ്ക്കായുള്ള ബോർഡ് തീരുമാനം ആയിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലമെടുപ്പ് പൂർത്തിയായാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

113 (3296) സബ് സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ സബ് സ്റ്റേഷനുകളുടെ നിർമ്മാണം സംബന്ധിച്ച് ബോർഡിന്റെ ചീഫ് ഇന്റേണൽ ഓഡിറ്റർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പഠന റിപ്പോർട്ട് ബോർഡിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

114 (3297) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly